# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 283 09-06-2014 ന് മറുപടിയ്ക്ക്

## കോതമംഗലം തടി ഡിപ്പോ മാറ്റാനുള്ള തീരുമാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി. യു. കുരുവിള** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) കോതമംഗലം മുനിസിപ്പാലിറ്റിയും വനം വകുപ്പും തമ്മിലുള്ള തർക്കത്തെ തുടർന്ന് തർക്ക സ്ഥലത്തെ തടി ഡിപ്പോ അവിടെ നിന്നും മാറ്റണമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) തീരുമാനം നടപ്പിലാക്കിയിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-05-2013-ൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരമാണ് പരാമർശ വിധേയമായ സ്ഥലം റവന്യൂ വകുപ്പിന് കൈമാറാൻ ഉത്തരവായിട്ടുള്ളത്. എന്നാൽ ടി തീരുമാനം കേന്ദ്ര വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കുന്ന കാര്യം വനം വകുപ്പ് റവന്യൂ വകുപ്പുമായി ചേർന്ന് പരിശോധിച്ച് വരികയാണ്. |
| (സി) പ്രസ്തുത തീരുമാനത്തിന് ശേഷവും അവിടെ തടി ഇറക്കി സ്റ്റോക്ക് ചെയ്യുന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം ഡിപ്പോയിലെ തടി കയറ്റിറക്ക തൊഴിലാളികൾ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഡബ്ല്യു .പി.(സി) - 22878/12 നമ്പർ കേസിലെ 09-10-2012 തീയതിയിലെ വിധി പ്രകാരം കോതമംഗലം ഡിപ്പോയിൽ തടി ഇറക്കാൻ വനം വകുപ്പ് ബാദ്ധ്യസ്ഥമാണ്. കൂടാതെ കോതമംഗലം |

ഡിവിഷനിലെ 1947 വേളൂർ, 1948 തേക്കൊടം എന്നീ കൂപ്പുകളിൽ നിന്നും അടച്ച വെട്ട് വഴി ശേഖരിക്കുന്ന തടികളിൽ ഒരു ഭാഗം കോതമംഗലം ഡിപ്പോയിൽ ഇടുവാൻ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി തടിയും കോതമംഗലം ഡിപ്പോയിൽ ഇറക്കേണ്ടതുണ്ട്.

| | | |
|---|---|---|
| (ഡി) ഇത് സംബന്ധിച്ച് എടുത്ത തീരുമാനം നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;<br>(ഇ) എന്നു മുതൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) & (ഇ) | മറുപടി (ബി)യിൽ പരാമർശിച്ചിട്ടുള്ള ഉത്തരവിന്റെ പുനഃ പരിശോധന സംബന്ധിച്ച് അന്തിമ തീരുമാനം ആകുന്ന മുറയ്ക്ക് മാത്രമേ ഈ തീരുമാനം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |

Adithya B
സെക്ഷൻ ഓഫീസർ